ഉൾപ്പെട്ടവർ, ഏതെങ്കിലും രാഷ്ട്രീയ, സാമുദായിക താൽപ്പര്യങ്ങളുടെ അമിത പ്രഭാവം പ്രകടിപ്പിക്കുന്നവർ തുടങ്ങിയ സ്ഥാപിത താൽപ്പര്യക്കാരെ സമിതിയിൽ ഉൾപ്പെടുത്താതിരിക്കാൻ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉയർന്ന പൗരബോധവും സാമൂഹ്യ പ്രതിബദ്ധതയും പൊതുസേവനത്തിന് നീക്കിവയ്ക്കാൻ കഴിയുന്ന സമയവുമുള്ള സാധാരണ നാട്ടുകാർക്ക് അവസരമൊരുക്കുന്ന രീതിയിലാണ് സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ബി) ജനമൈത്രി സമിതി യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളെ കുറിച്ച് കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളൊന്നുമില്ലാത്തതും പോലീസിംഗ് സുഗമമായി നടപ്പാക്കാൻ മാത്രം ഉദ്ദേശിച്ചുള്ളതുമായ സമിതിയാണ് ജനമൈത്രി സമിതി. കഴിയുന്നതും അഭിപ്രായ സമന്വയത്തിലൂടെ കാര്യങ്ങൾ നടപ്പിലാക്കുന്ന രീതിയാണ് സമിതിയിലുള്ളത്. സുരക്ഷാ കാര്യങ്ങളിൽ പോലീസിന് വിവരങ്ങൾ കൈമാറുക എന്നതിനപ്പുറം പോലീസിംഗ് നിർവ്വഹിക്കുക സമിതി അംഗങ്ങളുടെ കർത്തവ്യമല്ല. ആയതുകൊണ്ടുതന്നെ അയൽ വീടുകൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ജനമൈത്രി സമിതി അംഗങ്ങൾ യാതൊരു തരത്തിലുള്ള ഇടപെടലുകളും നടത്താൻ പാടുള്ളതല്ല.

എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മാണം

155 (1860) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് നടപടി സ്വീകരിക്കാൻ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയത് എന്നാണ് ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസ് മേധാവിയുടെ 23-3-2015 തീയതിയിലെ എച്ച്7/113660/ 2014/ പി.എച്ച്.ക്യൂ. നമ്പർ ഉത്തരവുപ്രകാരം.

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ പ്ലാനും എസ്റ്റിമേറ്റും കെ.പി.എച്ച്.സി.സി.-യുടെ ജില്ലാ പ്രോജക്ട് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമെ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly